(സി) ഈ സാമ്പത്തിക വർഷം 1236 ബി.പി.എൽ. അപേക്ഷകർക്ക് വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അപേക്ഷ് നൽകേണ്ടതാണ്.

ലാഭപ്രഭ

24(2062) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിന് ആവിഷ്കരിച്ച 'ലാഭപ്രഭ' പദ്ധതി വിജയകരമാണെന്ന് കരുതുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; നാളിതുവരെ ഇതിനായി എത്ര തുക ചെലവഴിച്ചു;

(സി) പ്രസ്തുത പദ്ധതിപ്രകാരം എത്ര രൂപയുടെ വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം വൈദ്യുതി ലാഭിച്ചതായി അവകാശപ്പെടുന്ന ഉപഭോക്താക്കളെ പദ്ധതിപ്രകാരമുള്ള ഗുണഭോക്താവായി തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ലെന്ന ഉപഭോക്താക്കളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും പദ്ധതിയുടെ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നുണ്ടായെന്ന് വിലയിരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ-1 പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 139101 പേർക്ക് സി.എഫ്.എൽ. ലാമ്പുകളും ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് സൗരോർജ്ജ റാന്തലുകളും വിതരണം ചെയ്തിട്ടുണ്ട്. ലാഭപ്രഭ സീസൺ-2-ലെ ഗുണഭോക്താക്കൾക്ക് സമ്മാന വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. 2013 ലാഭപ്രഭ സീസൺ-1-ൽ സമ്മാനം നല്കുന്നതിനായി 60,00,000 രൂപ ചെലവായിട്ടുണ്ട്. 2014 മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ-2-ന്റെ പ്രചാരണത്തിനുൾപ്പെടെ മൊത്തം 12.5 കോടി രൂപയാണ് വകയിരുത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി പ്രകാരം വൈദ്യുതി ഉപഭോഗത്തിലുണ്ടായ യൂണിറ്റിന്റെ ലാഭമാണ് കണക്കാക്കിയത്. 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 1 കാമ്പയിൻ പീരിയഡിൽ ഉദ്ദേശം 2280750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 2014 മാർച്ച് 1 മുതൽ മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 2 കാമ്പയിൻ പീരിയഡിൽ മാർച്ചിൽ 10.77% അധിക വൈദ്യുതി ഉപഭോഗമാണ് ഉണ്ടായിരുന്നത്. എന്നാൽ മേയ് മാസത്തിൽ അത് 8.02 ശതമാനമായി കുറയുകയും 9.47 ദശലക്ഷം യൂണിറ്റ് രേഖപ്പെടുത്തുകയും ചെയ്തു.

(ഡി) ഫെബ്രുവരി വരെയുള്ള വൈദ്യുതിബില്ലും അതിനുശേഷമുള്ള വൈദ്യുതി ബില്ലും തമ്മിൽ താരതമ്യപ്പെടുത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.

(ഇ) സമ്മാന വിതരണത്തിലുണ്ടായ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ചു നടപ്പിലാക്കാൻ അതാത് സർക്കിൾ ഓഫീസുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇടുക്കി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

25(2063) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇടുക്കി നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിക്കാനായി നടത്തിയ പ്രവർത്തികളുടെ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം 2016 ജനുവരി 31 വരെ നൽകിയ പുതിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണം സെക്ഷൻ ഓഫീസ് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇടുക്കി നിയോജക മണ്ഡലത്തിൽ 11389 ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുവാൻ സാധിച്ചു. 99 ട്രാൻസ്ഫോർമറുകൾ 99.18 കിലോമീറ്റർ 11 കെ.വി. ലൈൻ, 172 കിലോമീറ്റർ എൽ.റ്റി. ലൈൻ എന്നിവ സ്ഥാപിക്കാനും 112.84 കിലോമീറ്റർ സിങ്കിൾ ഫേസ് ലൈൻ ത്രീഫേസ് ആക്കുവാനും സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly